(സി) എൻ.എച്ച്. 47-ന്റെ വികസനത്തിനാവശ്യമായ സ്ഥലം ഇപ്പോൾ തന്നെ ലഭ്യമാണ്. ഇതിന്റെ വികസനവും ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഭൂമി ഏറ്റെടുക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ഇ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികളെടുത്തു കഴിഞ്ഞു.

(എഫ്) പദ്ധതിയുടെ സാമ്പത്തിക ഭദ്രതയെക്കുറിച്ച് പഠിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടപ്പാക്കുന്ന റോഡ് വികസന പ്രവർത്തനങ്ങൾ**

43 [624] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, *ബിനോയ് വിശ്വം:*

,, *പി. നാരായണൻ:*

,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) വഴി എത്ര കിലോ മീറ്റർ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തിയെന്ന് വിശദമാക്കാമോ;

(ബി) ഈ റോഡുകളുടെ നിർമ്മാണത്തിനായി ചെലഴിച്ച സംഖ്യ എത്രയെന്നും ഇതിനായി ലോകബാങ്കിൽ നിന്നും ലഭിച്ച വായ്പ എത്രയെന്നും വിശദമാക്കാമോ;

(സി) ലോകബാങ്കുമായുള്ള കരാർ എത്ര വർഷത്തേക്ക് കൂടി തുടരുമെന്ന് വ്യക്തമാക്കുമോ;

(ഡി) പലിശ ഇനത്തിൽ എത്ര സംഖ്യ കൊടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ടി.പി.ക്കായി എത്ര വിദേശ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓരോ കൺസൾട്ടന്റുമാരുമായുള്ള എഗ്രിമെന്റ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ഇവർക്ക് ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) Louis Berger Group, USA, Riteo - Beco - WSAJ/8, Becon France, Contruchia Supervision Consultants (CSC), SMEC - Australia, GIS - Company from USA എന്നീ കൺസൾട്ടന്റ് സ്ഥാപനങ്ങളുമായി പൊതുമരാമത്ത് വകുപ്പോ, കെ.എസ്.ടി.പി. യോ ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

*ഉത്തരം*

| (എ) | *ജോലിയുടെ പേര്* | *ചെയ്ത റോഡുകൾ* | *പൂർത്തിയായത്* |
|---|---|---|---|
| | 1-ാം വർഷ മെയിന്റനൻസ് | 13 റോഡുകൾ | 339 കി. മീ. പൂർത്തിയായി |
| | 2-ാം വർഷ മെയിന്റനൻസ് | 13 റോഡുകൾ | 335 കി. മീ. (90%) പൂർത്തിയായി |
| | 3-ാം വർഷ മെയിന്റനൻസ് | 17 റോഡുകൾ | 306 കി. മീ. പണികൾ പുരോഗമിച്ചുവരുന്നു |
| | 1-ാം ഘട്ട അപ്ഗ്രഡേഷൻ | | 254 കി. മീ. ഏകദേശം 65 കി. മീ. പൂർത്തിയായി |
| | 2-ാം ഘട്ട അപ്ഗ്രഡേഷൻ | | 324 കി. മീ. ടെണ്ടർ നടപടി പൂർത്തിയായി വരുന്നു. |

(ബി) 397.66 കോടി രൂപ (ജൂൺ 2005 വരെ) ചെലവായി. ലോകബാങ്കിൽ നിന്നും 343.2 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

(സി) 2007 ഡിസംബർ വരെയാണ് കാലാവധി.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ) വിദേശ കൺസൾട്ടന്റുമാരെ നിയോഗിച്ചിട്ടുണ്ട്.

1. M/s. Louis Berger International Inc. USA.
2. M/s. WSA, USA.
3. M/s. BECA, Newsland.
4. M/s. BCEOM, France.
5. M/s. Vic Roads, Australia.
6. M/s. SMEC, Australia.

GPM. 2/574/2012—12

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലോക ബാങ്ക് നിശ്ചയിച്ചിട്ടുള്ള ഇന്റർനാഷണൽ സ്റ്റാന്റേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റിലെ വ്യവസ്ഥകൾക്കനുസരണമായിട്ടാണ് കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| 1. | M/s. Louis Berger International Inc. | – | 15.3 കോടി രൂപ |
| 2. | M/s. WSA | – | 3.28 ,, |
| 3. | M/s. BECA | – | 3.35 ,, |
| 4. | M/s. BCEOM | – | 15.76 ,, |
| 5. | M/s. Vic Roads | – | 6.67 ,, |
| 6. | M/s. SMEC | – | 9.96 ,, |

(ജി) ഉണ്ട്. കരാർ താഴെ പറയുന്നു:

1. M/s. Louis Berger International Inc. – Project Co-ordinating Consultant
2. M/s. RITES, BECA, WSAJV – Phase-I Upgradation, Supervising Consultancy
3. M/s. BCEOM - Phase - II Upgradation
4. M/s. Vic ROADS – Road Safety Action Plan
5. M/s. WSA – Geographical information System
6. M/s. WSA – Road Maintenance Management System
7. M/s. SMEC – Institutional Strengthening Action Plan.

**ദേശീയപാതകൾ നാലുവരിപ്പാതയാക്കുന്നത് സംബന്ധിച്ച്**

44 [625] *ശ്രീ. ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ്കുമാർ :*

,, *ടി. എം. ജേക്കബ്:*

,, *ആർ. ബാലകൃഷ്ണപിള്ള:*

,, *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ദേശീയ പാതകളിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന എത്ര ബൈപ്പാസുകളുടെ പണി തീരാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly